"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ (KRSA) ഔദ്യോഗിക ഉപയോഗത്തിനായി KRSA ഫണ്ട് ഉപയോഗിച്ച് രണ്ട് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ വാങ്ങുന്നതിന് റോഡ് സേഫ്റ്റി കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/TRANS തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:- 1) കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 28.05.2025 ലെ യോഗ നടപടിക്കുറിപ്പ്

2) കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 29-07-2025, 31.10.2025 തീയതികളിലെ No.A1/1140/2025/KRSA നമ്പർ കത്ത്

**ഉത്തരവ്**

കേരള റോഡ് സേഫ്റ്റി അതോറിറ്റി (KRSA) യുടെ 28/05/2025 ലെ 49-ാമത് യോഗത്തിൽ അതോറിറ്റിക്കായി രണ്ട് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ വാങ്ങുവാൻ തീരുമാനിച്ചിരുന്നു. പരാമർശം (1) പ്രകാരമുള്ള പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഔദ്യോഗിക ഉപയോഗത്തിനായി KRSA ഫണ്ട് ഉപയോഗിച്ച് രണ്ട് പുതിയ ഇന്നോവ ക്രിസ്റ്റ വാങ്ങിക്കുവാൻ സർക്കാർ അനുമതി നൽകണമെന്നാവശ്യപ്പെട്ട് റോഡ് സേഫ്റ്റി കമ്മീഷണർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2) നിലവിൽ റോഡ് സുരക്ഷാ അതോറിറ്റിക്ക്, 22/04/2015 രജിസ്ട്രേഷൻ തീയതിയിലുള്ള ഒരു നാല് ചക്ര വാഹനം (KL-01-BS-8181) മാത്രമാണുള്ളതെന്നും നാളിതുവരെ 1,12,637 കിമീ സഞ്ചരിച്ചിട്ടുള്ളതുമായ പ്രസ്തുത വാഹനത്തിന് സ്ഥിരം അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് സ്ഥാനത്തിന് തുല്യനായ റോഡ് സേഫ്റ്റി കമ്മീഷണറുടെ ഉപയോഗത്തിനായി അടിയന്തരമായി ഒരു ഇന്നോവ ക്രിസ്റ്റ വാഹനം നൽകേണ്ടതുണ്ടെന്നും കൂടാതെ, റോഡ് സുരക്ഷാ ആവശ്യങ്ങൾക്കും പദ്ധതികൾക്കും ഫലപ്രദമായ നിരീക്ഷണം, വിലയിരുത്തൽ എന്നിവയ്ക്കായി KRSAയുടെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് യാത്ര ചെയ്യേണ്ടതുള്ളതിനാലും രണ്ട് ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ അനുവദിക്കേണ്ടതാണെന്നും അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റോഡ് സേഫ്റ്റി കമ്മീഷണറുടെ

അപേക്ഷ പരിഗണിച്ച്, കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിലവിലുള്ള KL-01-BS-8181 എന്ന വാഹനം, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ 15 വർഷം പിന്നിട്ട സമാന ശ്രേണിയിലെ വാഹനം കണ്ടം ചെയ്ത് പകരം ഉപയോഗിയ്ക്കുന്നതിന് മോട്ടോർവാഹന വകുപ്പിന് കൈമാറേണ്ടതാണ് എന്ന വ്യവസ്ഥയിൽ, കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഔദ്യോഗിക ഉപയോഗത്തിനായി KRSA ഫണ്ട് ഉപയോഗിച്ച് രണ്ട് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ വാങ്ങുന്നതിന് റോഡ് സേഫ്റ്റി കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

റോഡ് സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ(ഐ & പിഡബ്ല്യൂ-എ) വകുപ്പ്(Ref.fie No.I&PW-A1/178/2025/FIN)
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നം )
പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 31-01-2026 14:26:03